ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

Fin A4/63067/2015/HSE

തീയതി: 11/04/2016

## സർക്കുലർ

സർ,

വിഷയം:- കെ.എ. എച്ച്.എസ്.എസ്(+2) ഇ.പി.എഫ് - ഡാറ്റ എൻട്രി - സംബന്ധിച്ച്

സൂചന:- 01/04/2016 ലെ ഇതേ നമ്പർ സർക്കുലർ.

സൂചന സർക്കുലർ പ്രകാരം കൊല്ലം, എറണാകുളം, മലപ്പുറം ജില്ലകളൊഴികെ ബാക്കി എല്ലാം ജില്ലകളിലേയും പി.എഫ് ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിലുള്ള ഡാറ്റ എൻട്രി വർക്ക്(2006-07 സാമ്പത്തിക വർഷം മുതൽ 2015-16 വരെ) മൂന്നാഴ്ചക്കുള്ളിൽ ഗെയ്ൻ പി.എഫ് സോഫ്റ്റ് വെയർ വഴി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

വയനാട് ജില്ലയിൽ ചില സ്കൂളുകൾക്ക് 2008-09 വരെയും മറ്റു ചില സ്കൂളുകൾക്ക് 2011-12 വരെയുമുള്ള പി.എഫ് ക്രെഡിറ്റ് കാർഡ് ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലാസ്റ്റ് ക്രെഡിറ്റ് കാർഡിനുശേഷമുള്ള വർഷം മുതൽ 2015-16 വരെയുള്ള സ്കൂൾ തലത്തിലുള്ള ഡാറ്റ എൻട്രി വർക്ക് രണ്ടാഴ്ചക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് വയനാട് ജില്ലയിലെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ നടപടി സ്വീകരിക്കേണ്ടതാണ്. കൊല്ലം ജില്ലയിൽ 2008-09 മുതൽ 2015-16 വരെയും എറണാകുളം ജില്ലയിൽ 2007-08 മുതൽ 2015-16 വരെയും മലപ്പുറം ജില്ലയിൽ 2014-15 മുതൽ 2015-16 വരെയുമുള്ള സ്കൂൾ തലത്തിലുള്ള ഡാറ്റ എൻട്രി വർക്ക് പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുന്നു. എറണാകുളം ജില്ലയിൽ പി.എഫ് ഷെഡ്യൂളുകളും മറ്റു രേഖകളും പരിശോധിക്കാൻ എത്തിയ സമയത്ത് ആയവ ലഭ്യമാക്കാത്ത സ്കൂളുകൾ 2006-07 വർഷംമുതലുള്ള ഡാറ്റ എൻട്രി പൂർത്തിയാക്കേണ്ടതാണ്.

ഡാറ്റ എൻട്രി നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. എൻട്രി നടത്തുമ്പോൾ ട്രഷറി ഷെഡ്യൂൾ, ട്രഷറി ബിൽ ബുക്ക് എന്നിവ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണം. ട്രഷറി ഷെഡ്യൂളിൽ നിന്നും

വ്യത്യസ്തമായി തെറ്റായ തുകയാണ് എൻട്രി വരുത്തുന്നത് എങ്കിൽ പ്രസ്തുത നടപടി ഗുരുതരമായി വീക്ഷിക്കുന്നതാണ്.

2. ഒരു മാസത്തെ ബിൽ മാസ്റ്റർ (ശമ്പള കുടിശിക ബില്ലുകൾ ഉൾപ്പെടെ)എൻട്രി ചെയ്ത് അതിന്റെ ഷെഡ്യൂൾ എൻട്രി, വേരിഫിക്കേഷൻ, അപ്രൂവൽ എന്നിവ കഴിഞ്ഞതിനുശേഷം മാത്രമേ അടുത്ത മാസത്തെ ബിൽ മാസ്റ്റർ എന്റർ ചെയ്യുവാൻ പാടുള്ളൂ.
3. ഡേറ്റ് ഓഫ് എൻകാഷ്മെന്റ് കൃത്യമായിരിക്കണം.
4. അക്കൗണ്ട് നമ്പർ ശരിയാണോയെന്ന് ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ട് നമ്പറിനുമുമ്പിലുള്ള T, N എന്നുള്ളത് അപ്രകാരം തന്നെയാണോയെന്നും പരിശോധിക്കേണ്ടതാണ്.
5. അതാതുവർഷം പിൻവലിച്ചിട്ടുള്ള റ്റിഎ, എൻ.ആർ.എ തുകകൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.
6. ഗെയ്ൻ പി.എഫ് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെയോ അല്ലെങ്കിൽ ഗെയ്ൻ പി.എഫ് സംബന്ധിച്ച് പരിജ്ഞാനമുള്ള അദ്ധ്യാപകരുടെയോ നേതൃത്വത്തിൽ വേണം ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടത്.

ഡാറ്റ എൻട്രി നടത്തുമ്പോൾ ആയതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഒരോ ജില്ലയിലുള്ളവർക്കും അതിന് നേർക്ക് കൊടുത്തിരിക്കുന്ന സ്റ്റാഫുമായി ഫോണിൽ(0471 2320928)ബന്ധപ്പെട്ട് സംശയനിവാരണം നടത്താവുന്നതാണ്.

1. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം - സരിത ആർ.വി.
2. കൊല്ലം, ആലപ്പുഴ - ജാസ്മിൻ റ്റി.
3. കോട്ടയം, ഇടുക്കി - ജയലക്ഷ്മി ആർ.കെ.
4. തൃശ്ശൂർ, പാലക്കാട് - രാജി ആർ.
5. എറണാകുളം, കോഴിക്കോട്, വയനാട് - രേഷ്മ സി.
6. കണ്ണൂർ, കാസറഗോഡ് - രവിശങ്കർ കെ. എ.

ഒരോ സാമ്പത്തിക വർഷത്തേയും ഡാറ്റ എൻട്രി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആ വിവരം ഡയറക്ടറേറ്റിൽ e mail മുഖേന അറിയിക്കേണ്ടതാണ് (E mail id – finagainpfdhse@gmail.com).

**സീനിയർ ഫിനാൻസ് ഓഫീസർ**

പകർപ്പ്:-

എല്ലാ ആർ.ഡി.ഡി മാർക്കും
പി.എഫ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഒ.സി